# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഴീക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി5/1250/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 19/11/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഴീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി5/1250/2022 തീയ്യതി: 19/11/2022

## കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-08-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 08-08-2022 | 26-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-08-2022 | 26-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) രമണി കിഴക്കിൽ ,ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്.
2) വിപിന വൽസരാജ് ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
3)സബിത കെ, ഓഡിറ്റർ .

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അജീഷ് കെ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.കെ.രാജലക്ഷ്മി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീബ | കൃഷി ഓഫീസർ | 01-04-2021 | 06-10-2021 |
| ശ്രീ.അതുൽ വി. | കൃഷി ഓഫീസർ | 07-10-2021 | 27-10-2021 |
| ശ്രീമതി റമീസ ഇ.എം. | കൃഷി ഓഫീസർ | 28-10-2021 | 04-01-2022 |
| ശ്രീമതി അനുഷ അൻവർ | കൃഷി ഓഫീസർ | 05-01-2022 | 16-01-2022 |
| ശ്രീമതി ദീപ ടി. | കൃഷി ഓഫീസർ | 17-01-2022 | 22-02-2022 |
| ശ്രീ. സുരേഷ് എം. | കൃഷി ഓഫീസർ | 23-02-2022 | 31-03-2022 |
| ഡോ.പ്രശാന്ത് | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.സിന്ധുകല | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ശ്രീമതി ശില്പ കെ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജിൻസി മോൾ ജോർജ്ജ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.നൗഷാദ് കെ.ബി. | വി.ഇ.ഒ. നോർത്ത് | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു കെ.എം. | വി.ഇ.ഒ. സൗത്ത് | 01-04-2021 | 31-03-2022 |
| ശ്രീമതി ഷഹീന കെ. | ഹെഡ് മാസ്റ്റർ | 01-04-2021 | 31-10-2021 |
| ശ്രീമതി ഷംല എം.എം. | ഹെഡ് മാസ്റ്റർ | 01-11-2021 | 31-03-2022 |
| ശ്രീ.സന്തോഷ് തൊപ്പിയൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.സിനാജുദ്ദീൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജി സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ജ്യോതി | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 07-12-2021 |
| ഡോ.രാജശ്രീ | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 28-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-08-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-9 |
| 11 | വാടക ബൈലോ -അംഗീകാരം വാങ്ങിയിട്ടില്ല.<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-10 |
| 12 | ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് എഴുതുന്നില്ല<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-11 |
| 13 | വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-12 |
| 14 | ഐ കെ എം ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-13 |
| 15 | പട്ടികജാതിയിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം - കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല - 14500/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-14 |
| 16 | പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന | 1-15 |

| | | |
|---|---|---|
| | നടത്തിയിട്ടില്ല<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | |
| 17 | വിദ്യാലയ ചരിത്ര പുസ്തകം തയ്യാറാക്കൽ പുസ്തകങ്ങൾ മുഴുവനും വിതരണം ചെയ്തില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-16 |
| 18 | ഡോക്ടർ സുകുമാർ അഴീക്കോട് സ്മാരക അവാർഡ് (പുസ്തകം)-വിതരണത്തിലെ അപാകങ്ങൾ; 3824 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 27-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-17 |
| 19 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-18 |
| 20 | ഗുരുതര രോഗികൾക്ക് ജീവൻരക്ഷാമരുന്നുകൾ ലഭ്യമാക്കാത്തതിലെ അപാകങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 26-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-19 |
| 21 | തുടർ വിദ്യാഭ്യാസ പരിപാടി - സംസ്ഥാന സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ ഹാജരാക്കിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 27-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-20 |
| 22 | സ്കൂൾ കുട്ടികൾക്ക് പച്ചക്കറികൃഷിക്ക് മൺചട്ടി വിതരണം അപാകങ്ങൾ ₹57000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-21 |
| 23 | കൃഷി ഓഫീസർ - പദ്ധതി അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-22 |
| 24 | അങ്കണവാടികളുടെ ഭൗതികസാഹചര്യം<br>Written By: Vipina Valsaraj (Senior Grade Auditor, On 27-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-23 |
| 25 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില അതാതു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല<br>Written By: Remani Kizhakkeel (Audit Officer, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-24 |
| 26 | ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-25 |
| 27 | ആസ്തി സംരക്ഷണം<br>Written By: Remani Kizhakkeel (Audit Officer, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Sabitha.K (Auditor, On 26-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sabitha.K (Auditor, On 26-08-2022)<br>Last Updated By: Sabitha.K (Auditor, On 26-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 17-02 -2021തീയതിയിലെ 37/21നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.പുതുക്കിയ ബജറ്റ് 25.03.2022 തീയ്യതിയിലെ 81/2022 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 65264092 | 108962468 |
| വരവ് | 286925400 | 259070600 |
| ആകെ | 352189492 | 368033068 |
| ചെലവ് | 344288700 | 277838330 |
| നീക്കിയിരിപ്പ് | 7900792 | 90194738 |

കരട് ബജറ്റ് തയ്യാറാക്കുന്നതിനു മുന്നോടിയായി ഘടക സ്ഥാപന മേഥാവികളിൽ നിന്നും ബജറ്റ് പ്രപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്.

ജെൻറർ ബജറ്റ് പെർഫോമൻസ് ബജറ്റ് എന്നിവ പാസാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 30.05.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹293730 വരവുണ്ട്. എന്നാൽ Tender Forms രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

3.ആസ്തികളുടെ തേയ്മാനമായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യതപരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.I-17(a) പ്രകാരം ₹19620843ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

4.ബി4 ഷെഡ്യൂളിൽ ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്ത് വിഹിതം ഇനങ്ങളിൽ ബാധ്യതയായി അവശേഷിക്കുന്ന തുകകൾ ഏതു വർഷം, ഏതു പദ്ധതിയുമായി ലഭിച്ചതാണ് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
5.B-9 ഷെഡ്യൂളിൽ Stale ചെക്കിനത്തിൽ ബാധ്യതയായി കാണിച്ച 158056 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

6. B-9 ബാധ്യത ഹെഡിൽ സർക്കാരിലേക്ക് ഒടുക്കാനുള്ള Value Added Tax ഇനത്തിൽ കോഡ് നമ്പർ 350300103 ൽ ₹45,501 ഉം കോഡ് നമ്പർ 350300202 ൽ ₹1030ഉം നീക്കിയിരിപ്പുണ്ട്. സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല
7.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(2) (E),(f),62(3)പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 91922256.55 |
| വരവ് | 168742655 |
| ആകെ | 260664911.55 |

| | |
|---|---|
| ചെലവ് | 149826385 |
| നീക്കിയിരിപ്പ് | 110838526.55 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 75324 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 37727510 | 37727510 | 34637348 | 3090162 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5407000 | 5407000 | 5407000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 11980000 | 11980000 | 5121878 | 6858122 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9819449 | 9819449 | 3601385 | 6218064 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക് | 0 | 10214204 | 10214204 | 2724897 | 7489307 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 18801105 | 18801105 | 1473220 | 17327885 |
| | 2097 | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് സെൻട്രൽഷെയർ | 2527770 | 1746126 | 4273896 | 1627892 | 2646004 |
| തൊഴിലുറപ്പ് പദ്ധതി | 2097 | 10298892 | 10300989 | 10299727 | 1262 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 4332663 | 326000 | 4658663 | 2561453 | 2097210 |
| പൈക്ക | 438325 | 6625 | 444950 | 425000 | 19950 |
| എസ് എസ് എ | 57246 | 2325 | 59571 | 0 | 59571 |
| സാക്ഷരത | 3513 | 143 | 3656 | 0 | 3656 |
| ലൈബ്രറി ഗ്രാൻറ് | 21000 | 41070 | 62070 | 17550 | 44520 |

| | | | | | |
|---|---|---|---|---|---|
| ദുരിതാശ്വാസ നിധി | 95734 | 35450 | 131184 | 0 | 131184 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീ കരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്കു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 245 | 151802067 | 183 | 76213974 | 49 | 134 | 13 | 54.69 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 22 | 21 | 12622494 | 7530642 | 59.66 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 2176000 | 1717314 | 78.92 |
| 3 | മെഡിക്കൽഓഫീസർ (സി.എച്ച്.സി) | 10 | 10 | 5868850 | 3290934 | 56.07 |
| 4 | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 3 | 3 | 1450000 | 1450000 | 100 |
| 5 | വി.ഇ.ഒ | 24 | 16 | 40889367 | 15589218 | 38.13 |
| 6 | ഐ സി ഡിഎസ് സൂപ്പർവൈസർ | 19 | 17 | 11997699 | 11032965 | 91.96 |
| 7 | അസി സെക്രട്ടറി | 17 | 10 | 4800254 | 2041819 | 42.54 |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1900000 | 1015000 | 53.42 |
| 9 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 7 | 4 | 2840530 | 688265 | 24.23 |
| 10 | ഹെഡ് മാസ്റ്റർ | 13 | 11 | 2156105 | 1711386 | 79.37 |
| 11 | സെക്രട്ടറി | 38 | 25 | 18048713 | 5758574 | 31.91 |
| 12 | അസിഎഞ്ചിനീയർ | 83 | 57 | 47052055 | 24387857 | 51.83 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 245 | 183 | 151802067 | 76213974 | 50.21 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2097 | 423349 | 425446 | 424184 | 1262 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9875543 | 9875543 | 9875543 | |
| ആകെ | 2097 | 10298892 | 10300989 | 10299727 | 1262 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3755200 | 238 |
| തൊഴിൽരഹിത വേ തനം | 1200 | 1 |
| വിധവാ പെൻഷൻ | 24853200 | 1641 |
| വാർധക്യകാല പെൻഷൻ | 68901800 | 4619 |
| വികലാംഗ പെൻഷൻ | 7629400 | 486 |
| അവിവാഹിത പെൻഷൻ | 7874200 | 515 |
| വിവാഹ ധനസഹായം | 660000 | 22 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2055 രൂപ രണ്ടായിരത്തി അമ്പത്തി അഞ്ച് രൂപ ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ ചേരുകയും ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.ഓഫീസ് ഓർഡർബുക്ക് പ്രകാരം 9-11-2021 ന് ജീവനക്കാരുടെ ജോലി വിഭജനത്തിൽ പുന ക്രമീകരണം നടത്തിയിട്ടുണ്ട്. നികുതി പിരിവിൽ 100% നേട്ടം കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനട്സ് ബുക്കുകളിൽ പലതിലും തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചു പ്രകാരം മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച കാണുന്നില്ല. മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 വാടക ബൈലോ -അംഗീകാരം വാങ്ങിയിട്ടില്ല.

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷങ്ങളിൽ വാടക ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/24-08-2022) ഗ്രാമപഞ്ചായത്ത് മുറികൾ വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും നിബന്ധനകളും ഉൾകൊള്ളിച്ച കൊണ്ടുള്ള കരട് ബൈലോ അംഗീകാരത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും, നിബന്ധനകളും ഉൾക്കൊള്ളിച്ച കൊണ്ടുള്ള ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട്

എഴുതുന്നില്ല

ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി ലൈസൻസ് ഫീസ് ഭേദഗതി ചട്ട പ്രകാരമുള്ള ഫീസ് നിശ്ചയിച്ച് ഈടാക്കുന്നുണ്ടെങ്കിലും ഫീൽഡ് തല അന്വേഷണ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്തുന്നില്ല. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും ഈടാക്കേണ്ടതിനു പകരം ഫീൽഡ് തല അന്വേഷണം നടത്താതെ ലൈസൻസ് ഈടാക്കിയത് ശരിയല്ല. ഫീൽഡ്തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചയാത്തിൽ വാർഡ് തലത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റും ,സഞ്ചയ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ താഴെ പറയുന്ന വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ പാർപ്പിടാവശ്യം എന്ന ഗണത്തിൽ പെടുത്തിയാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്.

| ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച മി) | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ തരം |
|---|---|---|---|
| കെ പി അനിൽ കുമാർ | 22/242 | 3 | ചായപീടിക,സ്റ്റേഷനറികച്ചവടം |
| ടി പി മുഹമ്മദ് കുഞ്ഞി | 17/721 | 16 | സ്റ്റേഷനറി ,മൊബൈൽ റീചാർജ്ജ് |
| ഷാനവാസ് എ | 17/421 | 12.42 | ഇലക്ട്രിക്കൽസ് & പ്ലംബിംഗ് (സഞ്ചയ പ്രകാരം വിദ്യാഭ്യാസാവശ്യം എന്നാണ് ഉള്ളത്) |

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ (11/23-8-22)ത്തിന് മേൽ പറഞ്ഞ കെട്ടിടങ്ങൾ പരിശോധിച്ച് നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 ഐ കെ എം ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| പ്രോജക്ട് നമ്പർ/പേര് | ഫണ്ടിനം തുക | ബിൽ നമ്പർ, തീയതി, തുക | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 3/22,ഐ കെ എം ന് വിഹിതം നൽകൽ | 125000/-വികസന ഫണ്ട് പൊതു വിഭാഗം | 6/15-7-21, 125000/- | പ്രവർത്തന ഫണ്ട് ഇനത്തിൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷന് നൽകിയത് .വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 252/22,ഐ കെ എം ന് വിഹിതം നൽകൽ | 46273/-വികസന ഫണ്ട് പൊതു വിഭാഗം | 7/15-12-21, 46273/- | പ്രവർത്തന ഫണ്ട് ഇനത്തിൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷന് നൽകിയത് .വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |

എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/20-08-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-14 പട്ടികജാതിയിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം - കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല - 14500/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട്നമ്പർ /പേര് -14/22, പട്ടിക ജാതിയിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം

അടങ്കൽ -116000/- വികസന ഫണ്ട്

-24000/- തനത് ഫണ്ട്

ആകെ 140000

ബിൽ നമ്പർ -5/28-2-22 ,116000/-

മേൽ പദ്ധതി പ്രകാരം 60 വയസ് തികഞ്ഞ പട്ടിക ജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി 40 കട്ടിലുകൾ ജെ കെ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ഒന്നിന് 2900/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട് .എന്നാൽ 27 ഗുണഭോക്താകളുടെ കൈപ്പറ്റു രശീതി മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബാക്കി 13 കട്ടിൽ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/23-08-2022) മറുപടി ഹാജരാക്കിയതിൽ 8 ഗുണഭോക്താക്കൾ വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കുകയും 5 ഗുണഭോക്താക്കൾ സൂക്ഷ്മപരിശോധനാവേളയിൽ അർഹതയില്ല എന്ന് കണ്ടെത്തിയതിനാൽ അടുത്ത പദ്ധതിയിലെ അർഹതപ്പെട്ട ഗുണഭോക്താകൾക്ക് നൽകുന്നതിനുവേണ്ടി കട്ടിൽ മാറ്റി വെച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി നടപ്പിലാക്കുമ്പോൾ തന്നെ ഗുണഭോക്താകളുടെ അർഹതാമാനദണ്ഡം പരിശോധിക്കാതിരുന്നത് തെറ്റായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു.ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. നിലവിൽ വിതരണം ചെയ്യാത്ത 5 കട്ടിലിന്റെ വിലയായ 14500/- (5x2900)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2021-22 സാമ്പത്തിക വർഷം 1350684/- രൂപ വെള്ളക്കരമായി ഒടുക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 245 ടാപ്പുകൾക്ക് ഓരോ ടാപ്പിനും പ്രതിമാസം 5512/- രൂപ നിരക്കിലാണ് വെള്ളക്കരം ഒടുക്കുന്നത്. ഇത്രയും ടാപ്പുകൾ പ്രവർത്തനക്ഷമമാണെന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തിയതിന്റെ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. G.O.(Rt) No.2242/2011/LSGD തീയതി. 29.9.2011 ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്താത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകണം.

സെക്രട്ടറി അപ്രകാരമുള്ള കത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനും, പ്രവർത്തനക്ഷമമായ ടാപ്പുകൾ സംബന്ധിച്ച വിശദവിവരങ്ങളും ഓരോ സാമ്പത്തിക വർഷവും അടവാക്കുന്ന വെള്ളക്കരത്തിന്റെ വിവരങ്ങളും രേഖപ്പെടുത്തുന്ന സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം (നം.27/25-08-2022) മറുപടി ലഭ്യമാക്കിയതിൽ അത്യാവശ്യമല്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കി സമർപ്പിക്കുന്നതാണ് എന്നുമാണ് അറിയിച്ചത്. പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി ഉപയോഗത്തിനനുസരിച്ച് മാത്രം വെള്ളക്കരം ഒടുക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വിദ്യാലയ ചരിത്ര പുസ്തകം തയ്യാറാക്കൽ പുസ്തകങ്ങൾ മുഴുവനും വിതരണം ചെയ്തില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 211/22 വിദ്യാലയ ചരിത്രപുസ്തകം തയ്യാറാക്കൽ |
| അടങ്കൽ | ₹70000 തനത് ഫണ്ട് |
| ചെലവ് | ₹54002<br>ചെക്ക് നമ്പർ & തീയ്യതി 5943797/27-03-22 |

വിദ്യാലയ ചരിത്രപുസ്തകം എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി പ്രിന്റിംഗ് പാർക്ക്, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 300 പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് വാങ്ങിയിട്ടുണ്ട്. ഇതിൽ 16 വിദ്യാലയങ്ങൾക്കായി 110 പുസ്തകങ്ങളും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന് 150 പുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്. 40 പുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാകാത്തതിനെ തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/24.08.2022) മറുപടിയായി 3 പുസ്തകങ്ങൾ പുസ്തകത്തിലെ ലേഖനങ്ങൾ തയ്യാറാക്കിയവർക്ക് വിതരണം ചെയ്തു എന്നറിയിച്ചു. വിതരണം ചെയ്യാതെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ കൈവശം ബാക്കിയായ 37 പുസ്തകങ്ങൾ ഓഡിറ്റ് സമയത്ത് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആവശ്യങ്ങൾക്കനുസൃതമായി മാത്രമേ പദ്ധതിപ്പണം ചെലവഴിക്കുന്നുള്ളൂ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 ഡോക്ടർ സുകുമാർ അഴീക്കോട് സ്മാരക അവാർഡ് (പുസ്തകം)- വിതരണത്തിലെ അപാകങ്ങൾ; 3824 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 68/22 ഡോക്ടർ സുകുമാർ അഴീക്കോട് സ്മാരക അവാർഡ് (പുസ്തകം) |
| അടങ്കൽ | ₹75000 തനത് ഫണ്ട് |
| ചെലവ് | ₹75000<br>ചെക്ക് നമ്പർ & തീയ്യതി 5943765/07-02-22 |

ഗ്രാമപഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിൽ മികവ് പുലർത്തുന്നവർക്ക് സമ്മാനമായി പുസ്തകങ്ങൾ നൽകാനുദ്ദേശിച്ചാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . ആകെ 9 പുസ്തകങ്ങളടങ്ങിയ കിറ്റ് 157 പേർക്ക് നൽകുന്നു. ഇതിനായി കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും 75000 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ലിസ്റ്റ് ഫയലിൽ ലഭ്യമാണ്. 149 കുട്ടികളുടെ മാത്രം ലിസ്റ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. 157 പേർക്കുള്ള പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്.പുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/24-08-22) നൽകിയ മറുപടിയിൽ കുട്ടികളുടെ കണക്കിൽ അപാകത വന്നതിനാൽ 8 കിററുകൾ വിതരണം ചെയ്യാൻ സാധിച്ചില്ലെന്നും ഈ വർഷം പുസ്തകങ്ങൾ തിരിച്ചുകൊടുക്കുന്നതാണെന്നുമാണ് അറിയിച്ചത്. അധികം വന്ന പുസ്തകങ്ങളുടെ വില ബുക്ക്മാർക്കിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിതരണം ചെയ്യാത്ത 8 കിറ്റുകളുടെ വിലയായ 3824/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ടിന്റെ നമ്പരും | 145/22അഴീക്കോട് എസ്,സി ഹോമിയോ ഡിസ്പെൻസറിക്ക് | 144/22അഴീക്കോട് ഗവ . ഹോമിയോ ഡിസ്പെൻസറിക്ക് |

| | | |
|---|---|---|
| പേരും | മരുന്ന വാങ്ങൽ | മരുന്ന വാങ്ങൽ |
| അടങ്കൽ | ₹150000 റോഡിതര സംരക്ഷണഗ്രാന്റ് | ₹500000 റോഡിതര സംരക്ഷണഗ്രാന്റ് |
| ചെലവ് | ₹150000 റോഡിതര സംരക്ഷണഗ്രാന്റ് BRN21190152031901002806/28.01.22 | ₹500000 റോഡിതര സംരക്ഷണഗ്രാന്റ് BRN21190152031901002806/28.01.22 |

മുകളിൽ കൊടുത്ത പ്രോജക്റ്റുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന വാങ്ങാനായി 650000രൂപ Kerala State Homeopathic Co-operative Pharmacy Ltd. ന് നൽകിയിരുന്നു. പ്രൊജക്റ്റ് പ്രകാരമുള്ള മരുന്നുകൾ ഇത് വരെയായും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം ഹോംകോയോട് ആവശ്യപ്പെട്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/20-08-22-ന് മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായാൽ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഗുരുതര രോഗികൾക്ക് ജീവൻരക്ഷാമരുന്നുകൾ ലഭ്യമാക്കാത്തതിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| പ്രോജക്റ്റിന്റെ നമ്പർ / പേര് | 102/22 ഗുരുതര രോഗികൾക്ക് ജീവൻരക്ഷാമരുന്നുകൾ |
| അടങ്കൽ | ₹500000 വികസനഫണ്ട്<br>₹500000 തനത്ഫണ്ട്<br>-----------------<br>₹1000000 |
